# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5198 — 02.07.2013 ൽ മറുപടിക്ക്

## കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ വാഹനാപകടങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| ശ്രീ. കെ. ദാസൻ: | | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) | കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ തുടർച്ചയായി വാഹനാപകടങ്ങൾ ഉണ്ടാകുന്നതും അപകടമരണങ്ങൾ സംഭവിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ വാഹനാപകടങ്ങളും അതുമൂലമുള്ള ദുരന്തങ്ങളും ഇല്ലാതാക്കുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) | കർശനമായ വാഹനപരിശോധന നടത്തിയും സ്പീഡ് റഡാർ ഉപയോഗിച്ച് അമിത വേഗത കണ്ടുപിടിച്ചും ജാഗ്രതാ ബോർഡുകൾ പാതയോരത്ത് സ്ഥാപിച്ചും അപകടങ്ങൾ പരമാവധി കുറച്ച് കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ വാഹനാപകടങ്ങൾ ഒഴിവാക്കുന്നതിനായി റോഡ് സേഫ്റ്റി ഓഡിറ്റ് നടത്തുകയും 102 ലക്ഷം രൂപ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തത് സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | ബസ്സ് പോലുള്ള വലിയ വാഹനങ്ങളുടെ അമിതവേഗതയാണ് പലപ്പോഴും ദുരന്തങ്ങൾക്ക് കാരണമാവുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, അമിത വേഗത നിയന്ത്രിച്ച് ജീവന് സംരക്ഷണം നൽകാൻ എന്ത് നടപടികൾ സ്വീകരിച്ചു; എന്ത് നടപടികൾ പ്രാവർത്തികമാക്കി; വിശദമാക്കാമോ; | (സി) | ബസ്സ് പോലുള്ള വലിയ വാഹനങ്ങളുടെ അമിത വേഗതയാണ് പലപ്പോഴും ദുരന്തങ്ങൾക്ക് കാരണമാവുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മറ്റ് വാഹനങ്ങളുടെ അമിത വേഗതയും അപകടങ്ങൾക്ക് കാരണമാകാറുണ്ട്. കർശനമായ വാഹന പരിശോധനയും സ്പീഡ് റഡാർ ഉപയോഗിച്ച് അമിത വേഗത കണ്ടുപിടിച്ചും അപകടങ്ങൾ പരമാവധി കുറച്ചുകൊണ്ടുവരാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ഡ്രൈവർമാർക്കുള്ള പരിശീലന ക്ലാസ്സും നടത്തുന്നുണ്ട്. അമിത വേഗത |

| | | | |
|---|---|---|---|
| | | | ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | ഈ സർക്കാരിന്റെ കാലയളവിൽ വാഹനാപകടങ്ങൾമൂലം കൊയിലാണ്ടി മണ്ഡലത്തിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (ഡി) | 97 പേർ മരണപ്പെട്ടിട്ടുണ്ട് |
| (ഇ) | കൊയിലാണ്ടി മണ്ഡലത്തിൽ നാഷണൽ ഹൈവേയിൽ അപകടസാധ്യത കൂടിയ മേഖലകൾ ഏതെല്ലാം; | (ഇ) | 1. അയനിക്കാട് പള്ളി മുതൽ ഇരിങ്ങൽ വരെയുള്ള ഹൈവേ.<br>2. തിക്കോടി എഫ്.സി.ഐ ഗോഡൗൺ മുതൽ മീത്തലെ പള്ളിവരെയുള്ള ഹൈവേ.<br>3. പൊയിൻകാവ് മുതൽ ചെങ്ങോട്ടുകാവ് വരെയുള്ള ഹൈവേ.<br>4. വെങ്ങളം മുതൽ തിരുവണ്ടൂർ വരെയുള്ള ഹൈവേ. |
| (എഫ്) | പ്രസ്തുത മേഖലകളെ സംബന്ധിച്ച നിരീക്ഷണം/പഠനം/നിഗമനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എവിടെയെല്ലാം; പ്രസ്തുത പ്രദേശങ്ങളിൽ വാഹനാപകടവും ദുരന്തങ്ങളും ഒഴിവാക്കാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (എഫ്) | ഉണ്ട്. അപകടസാധ്യത കൂടുതലുള്ള മേഖലകളിൽ എല്ലാം തന്നെ പോലീസ് സാന്നിധ്യം ഉറപ്പാക്കുക. നിരന്തരം വാഹന പരിശോധന നടത്തുക. അപകട മേഖലകളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിപ്പിക്കുക, സ്പീഡ് ബ്രേക്കറുകൾ നിർമ്മിക്കുക. പൊതു ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനായി ക്ലാസ്സുകൾ നടത്തുക. പരസ്യങ്ങൾ ചെയ്യുക കൂടാതെ റോഡ് ഗതാഗത നിരീക്ഷണത്തിനായി ക്യാമറ തുടങ്ങിയ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗ പ്പെടുത്തുക തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ പ്രവർത്തനങ്ങളുടെ ഏകോപന ത്തിനായി ഒരു കൺട്രോൾ റൂം കോഴിക്കോട് ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മിഷണറുടെ ഓഫീസിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ